സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 04/01/2020
Email–swdkerala@gmail.com
Phone–0471-2306040

## പരിപത്രം

വിഷയം:- സാമൂഹ്യനീതി വകുപ്പ് -വിമുക്തി മിഷൻ-90 ദിന തീവ്രയത്ന പരിപാടി – സാമൂഹ്യ നീതി
ഓഫീസുകളിൽ ലഹരി വിരുദ്ധ കമ്മറ്റികൾ രൂപികരിക്കുന്നത് – സംബന്ധിച്ച്.

സൂചന:- പൊതുഭരണ വകുപ്പിന്റെ 18/11/2019 തീയതിയിലെ സിഡിഎൻ 2/257/201/ പൊഭവ, നമ്പർ സർക്കുലർ.

കേരള സംസ്ഥാന എക്സൈസ് വകുപ്പിന്റെ ലഹരി വർജ്ജന മിഷന്റെ അഭിമുഖ്യത്തിൽ ലഹരി മുക്ത കേരളം സാധ്യമാക്കുന്നതിന്, വിപുലമായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി **' നാളത്തെ കേരളം ലഹരി മുക്ത നവകേരളം'** എന്ന പേരിൽ 90 ദിന തീവ്രയത്ന പരിപാടി 2019 നവംബർ 1 മുതൽ ജനുവരി 30 വരെ സംഘടിപ്പിക്കുന്നു . ഇതിന്റെ ഭാഗമായി എല്ലാ സർക്കാർ കാര്യാലയങ്ങളിലും, കീഴ് കാര്യാലയങ്ങളിലും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ലഹരി വിരുദ്ധ കമ്മറ്റികൾ രൂപികരിക്കാൻ സർക്കാർ സൂചന കത്തിലൂടെ നിർദ്ദേശിച്ചിരുന്നു. ഇതിൻപ്രകാരം സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അദ്ധ്യക്ഷനായും എല്ലാ സെക്ഷൻ സൂപ്രണ്ടുമാർ അംഗങ്ങളായും കമ്മറ്റി രൂപികരിച്ചു കൊണ്ടും, ജില്ലാ തലത്തിൽ ജില്ലാ സാമൂഹ്യ നീതി ആഫിസർ അദ്ധ്യക്ഷനും, ജില്ലാ പ്രൊബേഷൻ ഓഫീസർ,ക്ഷേമ സ്ഥാപനങ്ങളിലെ സൂപ്രണ്ടുമാർ എന്നിവർ അംഗങ്ങളായും ലഹരി വിരുദ്ധ കമ്മറ്റികൾ രൂപികരിക്കുന്നതിനും നിർദ്ദേശിക്കുന്നു. കമ്മറ്റികൾ ബന്ധപ്പെട്ട കാര്യാലയങ്ങളിൽ എല്ലാ ജീവനക്കാരെയും പങ്കെടുപ്പിച്ച് ലഹരി വിരുദ്ധ പ്രതിജ്ഞയും , ലഹരി വിരുദ്ധ പരിപാടികളും സംഘടിപ്പിക്കേണ്ടതാണെന്നും അറിയിക്കുന്നു.

SUBASHKUMAR

for **സാമൂഹ്യനീതി ഡയറക്ടർ**

"ഭരണഭാഷ മാതൃഭാഷ"
65815/2019/CRU SJD



**കേരള സർക്കാർ**

**പൊതുഭരണ (ഏകോപനം) വകുപ്പ്**

നം.സിഡിഎൻ2/257/2019/പൊഭവ തിരുവനന്തപുരം, തീയതി,18.11.2019.

**സർക്കുലർ**

OFFICE OF THE DIRECTOR OF SOCIAL JUSTICE TRIVANDRUM 28 NOV 2019

വിഷയം:- പൊതുഭരണ വകുപ്പ് - 90 ദിന തീവ്രയജ്ഞ പരിപാടി - സർക്കാർ ആഫീസുകളിൽ ലഹരി വിരുദ്ധ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നത്- സംബന്ധിച്ച്

സൂചന :- 26.10.2019 തീയതിയിലെ സ.ഉ.(എം.എസ്)നമ്പർ 59/2019/നികു നമ്പർ ഉത്തരവ്

വിമുക്തി മിഷന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് നിലവിലെ സംവിധാനങ്ങൾ വിപുലീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് വേണ്ടി 'നാളത്തെ കേരളം ലഹരി വിമുക്ത നവകേരളം' എന്ന പേരിൽ 90 ദിന തീവ്രയജ്ഞ ബോധവത്ക്കരണ പരിപാടികൾ സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുന്നതിന് പരാമർശം പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ക്യാമ്പയിനോടനുബന്ധിച്ച് എല്ലാ സർക്കാർ ആഫീസുകളിലും ലഹരി വിരുദ്ധ കമ്മിറ്റി രൂപീകരിച്ച് ലഹരി വിരുദ്ധ പ്രതിജ്ഞയും ലഹരി വിരുദ്ധ പരിപാടികളും സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ എല്ലാ വകുപ്പ് മേധാവികളും ജില്ലാ കളക്ടർമാരും പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളിലെ മേധാവികളും അവരവരുടെ ഓഫീസുകളിലും കീഴിലുള്ള ഓഫീസുകളിലും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ലഹരി വിരുദ്ധ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നു.

**എം.ജി.രഞ്ജിത് കുമാർ**
അഡീഷണൽ സെക്രട്ടറി

എല്ലാ വകുപ്പു മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും മേലധികാരികൾക്ക്
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് / കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
രജിസ്ട്രാർ, എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, സി.ഇ.റ്റി ക്യാമ്പസ്, തിരുവനന്തപുരം
രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കൊച്ചി
രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല, മലപ്പുറം
രജിസ്ട്രാർ, കേരള കലാമണ്ഡലം, തൃശ്ശൂർ
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് ( മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
പൊതുഭരണ (കമ്പ്യൂട്ടർ സെൽ) വകുപ്പ് (പൊതുഭരണ വകുപ്പ് വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ